DESPATCHED
On. 16/11/21.....

1/11/21


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561614, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


**CP.No.201(1)/2021/SIC തീർപ്പു കല്പ്പിച്ചു കൊണ്ടുള്ള നടപടിക്രമം**
**File No. 5062/SIC-G4/2021)**
**സന്നിഹിതൻ**
ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി : 2021 നവംബർ 01

ശ്രീ. പി. പത്മനാഭൻ,
പത്മ നിവാസ്, ഉരുവച്ചാൽ പി.ഒ.,
മട്ടന്നൂർ (വഴി), കണ്ണൂർ. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &,
വില്ലേജ് ഓഫീസർ,
പൊഴുതന വില്ലേജ് ഓഫീസ്,
പൊഴുതന പി.ഒ., വയനാട്. } എതിർകക്ഷി

## അന്തിമ ഉത്തരവ്

കമ്മീഷന്റെ 15/09/2021 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എതിർകക്ഷിയായ പൊഴുതന വില്ലേജ് ഓഫീസർ നൽകിയ വിശദീകരണത്തിൽ, 10/03/2021 നാണ് ടിയാൻ വില്ലേജ് ഓഫീസർ ആയി ചാർജ്ജെടുത്തതെന്നും 04/03/2021 ൽ ഓഫീസിൽ ലഭിച്ചിരുന്ന വിവരാവകാശ അപേക്ഷയ്ക്ക് 27/03/2021 ൽ സമയബന്ധിതമായി മറുപടി നൽകിയിരുന്നു എന്നും എന്നാൽ ഫയൽ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിലും നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഭാഗമായും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള അധിക ജോലിഭാരം മൂലവുമാണ് വ്യക്തമായ മറുപടിനൽകാൻ കഴിയാതെ വന്നതെന്നും ആയതിനാൽ ടിയാനെതിരെയുള്ള ശിക്ഷാനടപടി ഒഴിവാക്കണമെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. ടി വിശദീകരണം പരിശോധിക്കുമ്പോൾ ടിയാന്റെ ഭാഗത്തുനിന്നും മറുപടിനൽകുന്നതിൽ ബോധപൂർവ്വമായ വീഴ്ച ഉണ്ടായതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ടി വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പരാതി ഹർജിയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2021 നവംബർ 01 -ന് കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ.വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

shi